**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **03-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്നതിൽ പി.എസ്.സി. വഴി ജോലി നേടിയവരുടെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- II തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. സർവ്വകലാശാല പി.എസ്.സി വഴി ജോലി നേടിയവർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അംഗീകൃത തസ്തികകൾ കേരള 64 - 36 എം.ജി 22 - 22 കാലിക്കറ്റ് 25 - 31 കുസാറ്റ് 16 - 21 കണ്ണൂർ - 6 6 ന്യുവാൽസ് 1 - കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ കേരള സർവ്വകലാശാല യിൽ 36 തസ്തികകളാണ് ഉള്ളത്. നിലവിൽ 64 പേർ ജോലി ചെയ്തുവരുന്നു, കമ്പ്യൂട്ടർ അസിസ്റ്റന്റ് (ഗ്രേഡ് 2), (ഗ്രേഡ് 1), (സീനി.ഗ്രേഡ്), (സെല.ഗ്രേഡ്) എന്നീ തസ്തികകളിൽ നിലനിന്നിരുന്ന ഒഴിവുകൾ എൻട്രി കേഡറിലേക്ക് ഡൗൺഗ്രേഡ് ചെയ്ത് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്താണ് നിയമനങ്ങൾ നടത്തിയിരിക്കുന്നത്. സംസ്കൃത സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് കാറ്റഗറിയിൽ (ഗ്രേഡ് 1, ഗ്രേഡ് 2, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്) ആകെ 10 സർക്കാർ അംഗീകൃത തസ്തികകളാണു ള്ളത്. ഈ തസ്തികകളിൽ സർവ്വകലാശാല നേരിട്ട് നിയമിച്ചതും, പി.എസ്.സി മുഖേന നിയമിച്ചതുമായ 9 ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ അംഗീകൃത 10 തസ്തികകൾ കൂടാതെ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച തസ്തികകളിൽ 6 ജീവനക്കാർ കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ സേവനം ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ വിവിധ സർവ്വകലാശാലകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; ടി ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ നിലവിൽ ആകെ 44 ഒഴിവുകളുണ്ട്. നിലവിലെ ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അടുത്ത രണ്ടുവർഷത്തിനുള്ളിൽ പ്രസ്തുത തസ്തികയിൽ പ്രമോഷൻ, റിട്ടയർമെന്റ് എന്നിവയുൾപ്പെടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകും എന്നുള്ള വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (സി) | സർവ്വകലാശാല പ്രതീക്ഷിത ഒഴിവുകൾ കേരള ഇല്ല എം.ജി തിട്ടപ്പെടുത്തിയിട്ടില്ല കാലിക്കറ്റ് 12 കുസാറ്റ് 8 SSUS 1 കണ്ണൂർ 2 |
| (ഡി) | വിവിധ സർവ്വകലാശാലകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ഡി) | സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവ പുതിയ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ